THE KERALA HIGH COURT ADVOCATES' ASSOCIATION

Reg. No. ER 931/2004

High Court Building, Kochi - 682 031. Ph : 2393244, Fax : 0484 - 2394435, Email : k.hcaa@yahoo.com

# നോട്ടീസ്

കേരള ഹൈക്കോടതി അഭിഭാഷക അസോസിയേഷന്റെ ജനറൽ ബോഡി യോഗം 10.03.2025 രാവിലെ 9.45ന് ചേരുകയുണ്ടായി. ജനറൽ ബോഡിയിലെ ഭൂരിപക്ഷ തീരുമാനപ്രകാരം നിലവിലെ വിഷയത്തിൽ ചീഫ് ജസ്റ്റീസ് മുൻകൈ എടുത്ത് നടത്തിയ വൺ ടു വൺ സെറ്റിൽമെന്റിൽ അഭിഭാഷകർ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയുണ്ടായി.

അഭിഭാഷകയെ ന്യായധിപൻ വേദനിപ്പിച്ച വിഷയത്തിൽ ജനറൽ ബോഡി യോഗം കൂടി ചീഫ് ജസ്റ്റീസിന്റെ തീരമാനത്തിനായി കാത്തിരിക്കുന്ന സാഹചര്യത്തിൽ, അതിനുവിരുദ്ധമായി അസോസിയേഷനേയോ, അതിലെ അംഗങ്ങളെയോ അറിയിക്കാതെ പിൻവാതിലൂടെ ഒത്തുതീർപ്പിന് സിനീയർ അഭിഭാഷകൻ അടക്കമുള്ളവർ ശ്രമിച്ചത് തെറ്റായ തീരുമാനമാണെന്ന് അംഗങ്ങൾ ഐക്യകണ്ഠേന അഭിപ്രായപ്പെട്ടു. തുടർന്ന് താഴെപ്പറയുന്ന തീരമാനങ്ങൾ ജനറൽ ബോഡി കൈകൊള്ളുകയുണ്ടായി.

1. പ്രസ്തുത വിഷയം അസോസിയേഷൻ അറിയാതെ ന്യായധിപനുമായി തീർപ്പാക്കിയ സിനീയർ അഭിഭാഷകൻ ജോർജ്ജ് പൂന്തോട്ടത്തെ ജനറൽ ബോഡിയുടെ നിർദ്ദേശപ്രകാരം അസോസിയേഷൻ അംഗത്വത്തിൽ നിന്നും അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യുവാനും അച്ചടക്കനടപികൾ സ്വീകരിക്കുവാനും തീരുമാനിച്ചു.

# THE KERALA HIGH COURT ADVOCATES' ASSOCIATION

Reg. No. ER 931/2004

High Court Building, Kochi - 682 031. Ph : 2393244, Fax : 0484 - 2394435, Email : k.hcaa@yahoo.com

2. ജസ്റ്റീസ് ബദ്ധറുദ്ദീനെ കേരള ഹൈക്കോടതിയിൽ നിന്നും മറ്റ് ഏതെങ്കിലും ഹൈക്കോടതിയിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുവാൻ ചിഫ് ജസ്റ്റീസ് ഓഫ് ഇന്ത്യയ്ക്ക് കത്ത് നൽകാൻ തീരുമാനിച്ചു.

3. കോടതി നടപടികൾ നിന്ന് വിട്ട് നിൽക്കാനുള്ള 07.03.2025ൽ കൂടിയ ജനറൽ ബോഡി തീരുമാനം നടപ്പിലാക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

4. ഇ–ഫയലിംഗ് കർശനായി നടപ്പിലാക്കിയിട്ടും കോടതി നടപടികൾ സുതാര്യമാവുന്ന വിധത്തിൽ വിഡിയോ റെക്കോർഡിങ് ചെയ്യാത്തത് തെറ്റാണെന്ന് ജനറൽ ബോഡിയിൽ അഭിഭാഷകർ അഭിപ്രായപ്പെട്ടു. മറ്റ് സംസ്ഥാനങ്ങളിലെ . പോലെ വിഡിയോ റെക്കോർഡിങ് സമയബന്ധിതമായി നടപ്പിലാക്കണമെന്നും അല്ലാത്തപക്ഷം ഭാവിയിൽ കോടതി നടപടികളിൽ നിന്നും വിട്ടുനിൽക്കുവാനും അസോസിയേഷൻ തീരുമാനിച്ചു.

10.03.2025

എം. ആർ. നന്ദകുമാർ

സെക്രട്ടറി